"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പി.എം.എ.വൈ.(നഗരം) -ലൈഫ് പദ്ധതിയിൽ സംസ്ഥാന നഗരതല സാങ്കേതിക സെല്ലിൽ പ്രവർത്തിച്ചു വരുന്ന കരാർ ജീവനക്കാരുടെ സേവന കാലാവധി 2026 മാർച്ച് 31 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.12/2026/LSGD തീയതി,തിരുവനന്തപുരം, 01-01-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം.797/2025/LSGD തീയതി 25.03.2025
2. സ.ഉ.(സാധാ) നം.1626/2025/LSGD തീയതി 30.06.2025
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.12.2025 ലെ KSHO/2231/2024-N-P-(1) നമ്പർ കത്ത്
4. കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിൽ നിന്നും കുടുംബശ്രീയിൽ 30.12.2025 ൽ ലഭിച്ച ഇ-മെയിൽ സന്ദേശം

**ഉത്തരവ്**

പി.എം.എ.വൈ.(നഗരം) -ലൈഫ് പദ്ധതിയിൽ സംസ്ഥാനതല/ നഗരതല സാങ്കേതിക സെല്ലിൽ പ്രവർത്തിച്ചു വരുന്ന കരാർ ജീവനക്കാരുടെ സേവന കാലാവധി പരാമർശം 1, 2 ഉത്തരവുകൾ പ്രകാരം 31.12.2025 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു. പി.എം.എ.വൈ.(നഗരം) -ലൈഫ് പദ്ധതിയിൽ സംസ്ഥാനതല /നഗരതല സാങ്കേതിക സെല്ലിൽ (SLTC-CLTC) കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ സേവനകാലാവധി 2026 മാർച്ച് 31 വരെ ദീർഘിപ്പിച്ചു നല്കണമെന്ന് പരാമർശം 3 പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി. 2026 മാർച്ച് 31 വരെയോ PMAY(U)- 2.0 യുടെ മാർഗ്ഗനിർദ്ദേശ പ്രകാരം പുതിയ സംസ്ഥാന നഗരതല സാങ്കേതിക സെല്ലുകൾ സ്ഥാപിക്കുന്നതു വരെയോ PMAY(U)- 2.0 യുടെ ധനസഹായ വ്യവസ്ഥകളനുസരിച്ച്, പി.എം.എ.വൈ.(നഗരം) - ലൈഫ് പദ്ധതിയിൽ സംസ്ഥാനതല/ നഗരതല സാങ്കേതിക സെല്ലിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന കരാർ ജീവനക്കാരുടെ സേവനം തുടരാവുന്നതാണെന്ന് പരാമർശം 4 പ്രകാരം കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.എ.വൈ.(നഗരം) - ലൈഫ്

പദ്ധതിയിൽ സംസ്ഥാനതല/ നഗരതല സാങ്കേതിക സെല്ലിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന കരാർ ജീവനക്കാരുടെ സേവന കാലാവധി 2026 മാർച്ച് 31 വരെ ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള,തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 01-01-2026 14:37:25
സെക്ഷൻ ഓഫീസർ